പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 551 - 10.06.2014 ലെ മറുപടിയ്ക്ക്

**കാസർഗോഡ് ജില്ലയിലെ ആശുപത്രികളെ കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തുമെന്ന പ്രഖ്യാപനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് : | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡിലെ ജനങ്ങൾ വിദഗ്ദ്ധ ചികിത്സയ്ക്കായി എത്തുന്ന മംഗലാപുരത്തെ ആശുപത്രികളെ കാരുണ്യ ബനവലന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചെങ്കിലും നാളിതുവരെയും പ്രാവർത്തികമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | നിലവിൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുവാൻ വ്യവസ്ഥയില്ല. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പരിമിതമായ പദ്ധതി നടത്തിപ്പ് സംവിധാനത്തിൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രിയിലേക്ക് ചികിത്സാ ധനസഹായം അനുവദിച്ചാൽ അതിന്റെ ഉപയോഗം പരിശോധിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള തടസ്സങ്ങൾ നിലനിൽക്കുന്നു. മംഗലാപുരത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല. |
| (ബി) പ്രസ്തുത തീരുമാനം പ്രാവർത്തികമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.